# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3567

20.06.2018-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഇപ്പോഴും പരിപൂർണ്ണ ശുചിത്വം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ആശുപത്രികളിൽ ശുചിത്വം ഉറപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതി രോഗി സൗഹൃദ സ്ഥാപനങ്ങൾ എന്ന കാഴ്ചപാടോടെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തി വരുന്നതു കൊണ്ട് ആശുപത്രികളിലെ ഇൻ-പേഷ്യന്റ്, ഔട്ട്-പേഷ്യന്റ് എന്നിവയിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഇതിന് ആനുപാതികമായി ക്ലീനിംഗ് സ്റ്റാഫ്, അറ്റൻഡന്റർ എന്നിവരുടെ എണ്ണം പടിപടിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശുചിത്വ സംവിധാനത്തിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആശുപത്രികളിലെ ശുചിത്വം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) | സർക്കാർ മെഡിക്കൽ കോളേജുകൾക്കു കീഴിലെ ആശുപത്രികളിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഐ.സി.യുകൾ, പാസ്സേജുകൾ എന്നിവ ദിവസേനയുള്ള 3 ഷിഫ്റ്റുകളിൽ അതാതു വാർഡുകളിലെ ഹെഡ് നഴ്സുമാരുടെ സൂപ്പർവിഷനിൽ വൃത്തിയാക്കുന്നുണ്ട്. അതാത് യൂണിറ്റിലെ ബാത്ത് റൂം, ടോയ്‌ലറ്റ് എന്നിവയും ദിവസേന 3 ഷിഫ്റ്റുകളിലായി കഴുകി വൃത്തിയാക്കുന്നുണ്ട്. ബാത്ത് റൂമിന്റേയും ടോയ്‌ലറ്റിന്റേയും തകരാറുകൾ അതാത് ദിവസങ്ങളിൽ ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പരിഹരിക്കുന്നുണ്ട്. ആശുപത്രിയിലെ പാസ്സേജുകളും സ്റ്റെപ്പുകളും |

| | | | |
|---|---|---|---|
| | | | 3 ഷിഫ്റ്റുകളായി തുടച്ച് വൃത്തിയാക്കുന്നുണ്ട്. വാർഡുകളിലെ ഫാനുകൾ, ജനലുകൾ, ഭിത്തികൾ എന്നിവയും യഥാക്രമം തുടച്ച് വൃത്തിയാക്കുന്നുണ്ട്. വാക്വം ക്ലീനർ, മോപ്പിങ്ങ് മെഷീൻ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കൂടി പ്രയോജനപ്പെടുത്തിയാണ് ശുചീകരണം നടത്തുന്നത്. ആഴ്ചയിലെ എല്ലാ വ്യാഴാഴ്ചയും എ.എം.ഒ യുടെ നേതൃത്വത്തിൽ നടത്തുന്ന സാനിട്ടറി റൗണ്ട്, ആശുപത്രിയുടെ ശുചീകരണത്തിൽ ഉണ്ടാകുന്ന പോരായ്മകൾ പരിഹരിച്ച് ശുചിത്വം ഉറപ്പുവരുത്തുന്നു. ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE ന് കൈമാറുന്നു. ആശുപത്രിയിൽ ഉണ്ടാകുന്ന ഭക്ഷണ മാലിന്യങ്ങൾ ബയോ ഗ്യാസ് പ്ലാന്റ് മുഖേന സംസ്കരിക്കുന്നു. ആശുപത്രിയിലെ കെട്ടിട സമുച്ചയങ്ങൾക്ക് സമീപത്തായി ഒഴുകുന്ന ഓടകളിലെ മാലിന്യങ്ങൾ സമയാസമയങ്ങളിൽ നീക്കം ചെയ്യുന്നു.<br><br>ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി infection control committee യുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. Asceptic Procedure ന്റെ ഭാഗമായി ഹാന്റ് വാഷ് ഉപയോഗം സംബന്ധിച്ച് സർക്കുലർ നൽകിയിട്ടുണ്ട്. ആശുപത്രികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുവാൻ infection control guidelines ഉചിതമായ നടപടികൾക്ക് വേണ്ടി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. Infection control, hand wash techniques എന്നിവയെ പറ്റി ക്ലാസുകൾ ആശുപത്രികളിൽ നടത്തി വരുന്നു. എല്ലാ സ്ഥാപനങ്ങളിലേയും സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ Sanitary Rounds നടത്തി വരുന്നു. ബയോ മെഡിക്കൽ മാലിന്യങ്ങൾ ഉചിതമായ രീതിയിൽ IMAGE മുഖേന നശിപ്പിക്കുകയും മറ്റ് മാലിന്യങ്ങൾ സ്ഥാപനങ്ങളിൽ തന്നെയുള്ള incinerator കൾ മുഖേനയോ ത്രിതല പഞ്ചായത്ത് തലത്തിൽ/ മുൻസിപ്പാലിറ്റി/ കോർപറേഷൻ തലത്തിലോ മാലിന്യ വിമുക്തിക്കുള്ള പ്രോജക്ട് മുഖേനയോ നശിപ്പിച്ചു കളയുന്നു. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ആശുപത്രികളിലെ ശുചീകരണം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കർശന നിയന്ത്രണത്തിനും ആധുനിക സംവിധാനങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ആശുപത്രികളിൽ നവീന സംവിധാനങ്ങൾ ഉൾപ്പെടുത്തി ശുചീകരണം നടത്തുന്നുണ്ട്. നവീന രീതിയിലുള്ള ശുചിത്വ പരിപാലനത്തിനായി ജീവനക്കാർക്ക് യഥാസമയം പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ